**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1514** | **19-06-2024 - ൽ മറുപടിയ്ക്ക്**

**ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാന തൊഴിലാളികൾ കൊലപാതകം ഉൾപ്പെടെയുള്ള ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2021 മുതൽ നാളിതുവരെ നടന്ന ഇത്തരം കുറ്റകൃത്യങ്ങളിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന വിവരം വകുപ്പിൽ ലഭ്യമാണോ; എങ്കിൽ അറിയിക്കുമോ; | (എ) | ഉണ്ട്. 2021 മുതൽ നാളിതുവരെ നടന്ന കുറ്റകൃത്യങ്ങളിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല. |
| (ബി) | ഇതര സംസ്ഥാന തൊഴിലാളികൾക്ക് പോലീസ് ക്ലിയറൻസും രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല. 1979-ലെ Interstate Migrant Workers (Regulation of Employment & Conditions of Services) Act പ്രകാരം ഇതര സംസ്ഥാനതൊഴിലാളികൾക്കുള്ള പോലീസ് ക്ലിയറൻസും രജിസ്ട്രേഷനും നിർബന്ധമല്ല. തൊഴിൽ വകുപ്പിന്റെ ആവാസ് പദ്ധതി പ്രകാരവും കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരവും അതിഥി പോർട്ടൽ പ്രകാരവും ഇതരസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ ലഭ്യമാക്കുന്നതിന് രജിസ്ട്രേഷൻ നിർബന്ധമാക്കുന്നത് ഉദ്ദേശിച്ചുകൊണ്ട് Kerala Interstate Migrant Workers Welfare Registration Ordinanceകൊണ്ടുവരുന്ന വിഷയം പരിശോധിച്ചു വരുന്നു. സംസ്ഥാനത്തേയ്ക്ക് ജോലിതേടി എത്തുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യുവാനും ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുകയുമാണ് ഓർഡിനൻസിന്റെ ലക്ഷ്യം. രജിസ്റ്റർ ചെയ്യാത്ത ഇതര സംസ്ഥാന തൊഴിലാളികൾക്കും, തൊഴിൽ ദാതാവിനും പെനാൽറ്റി പ്രൊവിഷനുകളും ഉൾപ്പെടുത്തിയാണ് ടി ഓർഡിനൻസ് തയ്യാറാക്കി വരുന്നത്. ഓർഡിനൻസ് കൊണ്ടുവരുന്നതിനുള്ള പ്രധാന ഉദ്ദേശം ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ ആണ്. |

| | | | |
|---|---|---|---|
| | | | ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്താൽ അവരുടെ മാതൃസംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ ഡേറ്റാ ബേസുമായി ഒത്ത് നോക്കുവാനും ക്രിമിനൽ പശ്ചാത്തലം ഉള്ളവരെ തിരിച്ചറിയാൻ സാധിക്കുന്നതാണ്. ഇക്കാര്യം ആസ്പദമാക്കിയുള്ള ബോധവൽക്കരണം വിവിധ ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെയും മറ്റും നടത്തി തൊഴിലാളി കളേയും ഇതര സംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്ന ഏജന്റുമാർ കോൺട്രാക്ടർമാർ എന്നിവരുടെ സഹകരണത്തോടെ ജന മൈത്രി പോർട്ടൽ മുഖേന അവരുടെ വിവര ശേഖരണം നടത്തി വരുന്നുണ്ട്. |
| (സി) | ഇതര സംസ്ഥാന തൊഴിലാളികളെ കൊണ്ടുവരുന്ന ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവർ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ലേബർ കമ്മീഷണർക്കും, പോലീസ് സ്റ്റേഷനിലും റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി നിലവിലുള്ള 1979-ലെ Interstate Migrant Workers (Regulation of Employment & Conditions of Services) Act പ്രകാരമാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിലവിൽ ചെയ്ത് വരുന്നത്. അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്നതോ അല്ലെങ്കിൽ കഴിഞ്ഞ 12 മാസങ്ങളിൽ ഏതെങ്കിലും ദിവസത്തിൽ ജോലി ചെയ്തിരുന്നതോ ആയ എല്ലാ സ്ഥാപനങ്ങൾക്കും അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്ന അല്ലെങ്കിൽ ചെയ്യിക്കുന്ന എല്ലാ കരാറുകാർക്കും ഈ നിയമം ബാധകമാണ്. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ നിയമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. അതുപോലെ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കുവാനോ നിർദ്ദേശിക്കുന്ന ഓരോ കരാറുകാരനും ലൈസൻസും നേടേണ്ടതുണ്ട്. സംസ്ഥാനത്തെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം പരിശോധനകൾ നടത്തുമ്പോൾ ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവർ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുന്നതാണ്.<br><br>ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതിന്റെ സാഹചര്യം തൊഴിലാളികളേയും, ഇതര സംസ്ഥാന |

| | | | |
|---|---|---|---|
| | | | തൊഴിലാളികളെ കൊണ്ട് വരുന്ന ഏജന്റുമാർ കോൺട്രാക്ടർമാർ എന്നിവരെയും വിവിധ ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെയും മറ്റും ബോധവൽക്കരണം നടത്തി അവരുടെ സഹകരണത്തോടെ ജനമൈത്രി പോർട്ടൽ മുഖേന അവരുടെ വിവര ശേഖരണം നടത്തി വരുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് നിലവിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുവെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ? | (ഡി) | സംസ്ഥാനത്ത് ആവാസ് പദ്ധതി പ്രകാരവും, കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരവും, അതിഥി പോർട്ടൽ പ്രകാരവും ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ആവാസ് പദ്ധതി പ്രകാരവും, കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരവും, അതിഥി പോർട്ടൽ പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക്

| ക്രമ നമ്പർ | ജില്ല | ആവാസ് പദ്ധതി പ്രകാരം | കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം | അതിഥി പോർട്ടൽ പ്രകാരം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 63,788 | 7,349 | 9,559 |
| 2 | കൊല്ലം | 24,946 | 6,188 | 3,808 |
| 3 | പത്തനംതിട്ട | 24,119 | 7,914 | 4,935 |
| 4 | ആലപ്പുഴ | 36,927 | 9,757 | 6,950 |
| 5 | കോട്ടയം | 34,251 | 9,026 | 11,722 |
| 6 | ഇടുക്കി | 19,587 | 10,192 | 9,268 |
| 7 | എറണാകുളം | 1,15,053 | 30,644 | 29,913 |
| 8 | തൃശ്ശൂർ | 41,900 | 10,229 | 10,356 |
| 9 | പാലക്കാട് | 24,694 | 6,661 | 13,990 |
| 10 | മലപ്പുറം | 29,856 | 12,859 | 7,699 |
| 11 | കോഴിക്കോട് | 44,628 | 12,746 | 7,028 |
| 12 | വയനാട് | 11,839 | 13,232 | 5,281 |
| 13 | കണ്ണൂർ | 28,874 | 17,517 | 9,057 |
| 14 | കാസറഗോഡ് | 15,858 | 10,447 | 5,488 |
| | **ആകെ** | **5,16,320** | **1,64,761** | **1,35,054** |

Sd/-

സെക്ഷൻ ഓഫീസർ.